കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ./കെ.എൻ.ആർ./സി.8/102/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ:doknr.ksad@kerala.gov.in
ഫോൺ:0497 2707698

തീയതി. 28.02.2020

ഡെപ്യൂട്ടി ഡയരക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ./കെ.എൻ.ആർ./സി.8/102/2020 തിയതി: 28.02.2020

# കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിൻെറ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 03 -09-2018 മുതൽ 05-01-2020തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകങ്ങളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ ശശികുമാർ എംപി.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06-01-2020 മുതൽ 16-01-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| ശ്രീ.എം.ബാബുരാജ് | : | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.അനൂപ്.കെ.കെ | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുമതി.ടി.ഒ | | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ശ്രീജ.കെ | : | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ടി.ഷബ്ന | 01-04-2018 മുതൽ 31-03-2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.ദിവാകരൻ | 01-04-2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി.പ്രമീള തുണ്ടിയിൽ മാണിയത്ത്. | 01.06.2018 മുതൽ 03.07.2018 വരെ |
| | ശ്രീമതി.മഞ്ജൂഷ.പി.എൻ | 04.07.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഷിൻസി.എൻ | 01-04-2018 മുതൽ 10-10-2018 വരെ |
| | ശ്രീ.വിനീത്.പി.വി. | 11.10.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.പി.ഷാജി | 01-04-2018 മുതൽ 31-03-2019വരെ |
| അസി.ഇഞ്ചിനീയർ | ശ്രീ.ഗിരീഷ്.എ. | 01-04-2018 മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ഡോ.വിനീത ജനാർദ്ദനൻ | 01-04-2018 മുതൽ 31-03-2019വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ.മുഹമ്മദ്.പി | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് .സൂപ്പർവൈസർ | ശ്രീമതി.രേഷ്മ.വി | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്ററർ | ശ്രീ.വിനോദ്കുമാർ.പി.പി | 01-4-2018 മുതൽ 02-06-2018വരെ |
| | ശ്രീമതി.ഗീത എരോത്ത് | 03.06.2018 മുതൽ 31.03.2019വരെ |
| വി.ഇ.ഒ | ശ്രീമതി.കവിത.കെ.കെ | 01-04-2018 മുതൽ 16-10-2018വരെ |
| | ശ്രീ.സന്തോഷ് മമ്മാലി | 17.10.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.പ്രമീള തുണ്ടിയിൽ മാണിയത്ത് | 01-04-2018 മുതൽ 31-03-2019വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തുനികുതി ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല | 1-12 |
| 13 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ – നികുതി വരുമാനം ഉറപ്പ് വരുത്തുന്നില്ല | 1-13 |
| 14 | ഇ- ടെണ്ടർ മുഖേന ലഭിക്കേണ്ട ഫീസ് തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല | 1-14 |
| 15 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ഈടാക്കുന്നില്ല | 1-15 |
| 16 | റിംഗ് കമ്പോസ്റ്റ് വിതരണം – നിർവ്വഹണത്തിലെ അപാകതകൾ – 1,93,050/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 17 | കുരുമുളക് കൃഷി വിസ്തൃതി വ്യാപനം – നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 18 | ഇടവിള കൃഷി – നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 19 | വാഴകൃഷി വികസനം – നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 20 | സാന്ത്വന പരിചരണം പദ്ധതി – ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല , 54820 രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | പെയ്ൻ ആന്റ് പാലിയേറ്റീവ് പരിചരണം പദ്ധതിഃ– അപാകതകൾ | 1-21 |
| | | |

| | | |
|---|---|---|
| 22 | ർബൻ മിഷൻ പദ്ധതികൾ | 1-22 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 31 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 35 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 36 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 37 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

ബജറ്റ് പ്രകാരമുള്ളതും പുതുക്കിയ ബജറ്റ് പ്രകാരമുള്ളതുമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | 2018/19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തിയതി | 37/2018 തീ. 28/03/2018 | 07/19 തീ. 25/02/2019 |
| മുന്നിരിപ്പ് | 28,23,589.03 | 44,82,111.03 |
| വരവ് | 12,72,84,200.00 | 9,06,30,967.00 |
| ആകെ | 13,01,07,789.03 | 9,51,13,078.03 |
| ചെലവ് | 12,82,98,166.00 | 9,22,89,489.00 |
| നീക്കിയിരിപ്പ് | 18,09,623.03 | 28,23,589.03 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 14-05-2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34,20,804.00 |
| വരവ് | 14,76,52,281.00 |
| ആകെ | 15,10,73,085.00 |
| ചെലവ് | 10,24,79,013.00 |
| നീക്കിയിരിപ്പ് | 4,85,94,072.00 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് തുക | ചെലവഴിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (എ.സി.ആർ പ്രകാരം) | | 0 | 90,66,698.00 | 90,66,698.00 | 90,66,698.00 | 0 | 100 |
| വികസനഫണ്ട് – എസ്.സി.പി (എ.സി.ആർ പ്രകാരം) | | 0 | 5,25,133.00 | 5,25,133.00 | 5,25,133.00 | 0 | 100 |
| വികസനഫണ്ട് – ടി.എസ്.പി (എ.സി.ആർ പ്രകാരം) | | 0 | 1,35,000 | 1,35,000 | 1,35,000 | 0 | 100 |
| സംരക്ഷണ ഗ്രാൻറ് റോഡ് (എ.സി.ആർ പ്രകാരം) | | 0 | 34,56,901.00 | 34,56,901.00 | 34,56,901.00 | 0 | 100 |
| സംരക്ഷണ ഗ്രാൻറ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | | 0 | 12,98,851.00 | 12,98,851.00 | 12,98,851.00 | 0 | 100 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം (എ.സി.ആർ പ്രകാരം) | | 0 | 40,03,262.00 | 40,03,262.00 | 40,03,262.00 | 0 | 100 |
| സാക്ഷരത | | 7,991.00 | 736 | 8,727.00 | 0 | 8,727.00 | 0 |
| ദുരിതാശ്വാസ നിധി | | 47,300.00 | 4,154.00 | 5,1454.00 | 18,000.00 | 33,454.00 | 35 |
| എം.ജി.എൻ.ആർ .ഇ.ജി.എസ് | | 2105 | 1,32,74,680.00 | 1,32,76,785.00 | 1,32,73,772.00 | 3013.00 | 99.97 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | | |
| ശുചിത്വം | | - | 2,56,000 | 2,56,000 | 24,000 | 2,32,000 | 9.37 |
| ഐസിഡിഎസ് | | 4,77,698 | 5,92,65 0 | 10,70,348 | 5,00,000 | 5,70,348 | 46.71 |
| റർബൻ മിഷൻ | | 1,75,437.00 | 11,15,13,657.00 | 1,19,57,650.00 | 6,91,40,625.00 | 4,30,32,150.00 | 62.23 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | | |
| ബി ഫണ്ട് | | - | 3,12,79,440 | 3,12,79,440 | 3,12,79,440 | - | 100 |
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 43,554.00 | 10,93,462.00 | 11,37,016.00 | 4,52,168.00 | 6,84,848.00 | 40 |
| | ജില്ലാ പഞ്ചായത്ത് | 33,938.00 | 14,09,500.00 * | 14,43,438.00 | 5,73,955.00 | 8,69,483.00 | 40 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 16,294.00 | 3,87,584.00 | 4,03,878.00 | 3,59,349.00 | 44,529.00 | 89 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (എസ്.ബി. ഐ) | | | | | | |
| | കോ – ഓപ്പറേറ്റീവ് ബേങ്ക് | 17,82,068.00 | 68,85,033.00 | 86,67,101.00 | 58,65,400.00 | 28,01,701.00 | 68 |

* 2016-17 വർഷത്തെ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 1,19,600/- രൂപ പ്രസ്തുത വർഷം അക്കൗണ്ട് ചെയ്യാൻ വിട്ടുപോയതിനാൽ ഓഡിറ്റ് വർഷത്തിൽ 'prior period' ഇനത്തിൽ വരവായി ചേർക്കുകയും ആയത് വൗച്ചർ നം. 21801126/30.03.19 പ്രകാരം തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക കൂടി വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 3,11,15,215 | 88 | 2,21,98,015 | 28 | 1 | 75.21% |

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രൊജക്ടുകൾ | | അടങ്കൽ തുക | ചെലവ് തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | | | എണ്ണം | ശതമാനം | | | |
| 1 | കൃഷി ഓഫീസർ | 10 | 7 | 70 | 14,69,390.00 | 7,87,030.00 | 53.56 |
| 2 | വെറ്റിനറി സർജൻ | 6 | 5 | 83.33 | 19,98,243.00 | 15,33,778.00 | 76.76 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 5 | 4 | 80 | 10,95,387.00 | 7,88,410.00 | 71.98 |
| 4 | മെഡിക്കൽ | 3 | 3 | 100 | 7,90,000.00 | 7,88,779.00 | 99.85 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഓഫീസര് ( ആയുർവേദം) | | | | | | |
| 5 | വി ഇ ഒ | 8 | 7 | 87.5 | 28,64,850.00 | 26,67,050.00 | 93.10 |
| 6 | ഐ സി ഡി എസ് സൂപ്പർ വൈസർ | 6 | 6 | 100 | 32,44,918.00 | 32,07,588.00 | 98.85 |
| 7 | സെക്രട്ടറി | 22 | 14 | 63.63 | 36,11,963.00 | 27,78,515.00 | 76.93 |
| 8 | ഹെഡ് മാസ്റ്റർ | 8 | 8 | 100 | 6,81,686.00 | 5,00,502.00 | 73.42 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 47 | 32 | 68 | 1,51,78,458.00 | 89,66,043.00 | 59.07 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 2 | 2 | 100 | 1,80,320.00 | 1,80,320.00 | 100 |
| ആകെ | | 117 | 88 | 75.21 | 3,11,15,215.00 | 2,21,98,015.00 | 71.34 |

തൻവർഷത്തെ പദ്ധതി ച്ചെലവ് ആകെ അടങ്കലിന്റെ 71.34% മാത്രമാണ്. ഗ്രാമ പഞ്ചായത്തിന്റെ വികസനസാധ്യതകൾ മുഴവൻ പദ്ധതി നിർവ്വഹണത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. കൃഷി ഉൾപ്പെടെയുള്ള മേഖലകളിൽ ഫണ്ട് വിനിയോഗിക്കുന്നതിൽ വേണ്ടത്ര ജാഗ്രത ഉണ്ടായിട്ടില്ല. നടപ്പാക്കാൻ പ്രായോഗികമായി സാധ്യമാവുന്നതും പ്രദേശത്തിന്റെ ആവശ്യകതകൾക്കിണങ്ങുന്നതും വികസന സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താവുന്നതുമായ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധയുണ്ടാവേണ്ടതുണ്ട്. സാമൂഹ്യ സുരക്ഷയും പരിസ്ഥിതിരക്ഷയും ഉറപ്പ് വരുത്തുന്ന സമഗ്ര വികസനമെന്ന, സർക്കാർ മുന്നോട്ട് വെച്ച 13ാം പദ്ധതിയുടെ പൊതുകാഴ്ചപ്പാടിനനുസരിച്ച് തന്നെ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രമം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. ലൈഫ് മിഷൻ പ്രകാരമുള്ള ഭവനങ്ങളുടെ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

2018-19 വർഷത്തെ പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 2018 ഫെബ്രുവരി മാസങ്ങളിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ഗ്രാമസഭകൾ ജൂലൈ മാസത്തിലും നടന്നിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ തൃപ്തികരമായ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട സമിതികളുടെ പ്രവർത്തനം ഗ്രാമ പഞ്ചായത്തിൽ പൊതുവേ തൃപ്തികരമായ വിധത്തിലാണ്. സ്റ്റിയറിങ്ങ് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ ചേരുകയും പ്രവർത്തനങ്ങളുടെ പൊതു വിലയിരുത്തൽ നടത്തുകയും ചെയ്തു വരുന്നുണ്ട്. 2018-19 വർഷത്തിൽ സ്റ്റിയറിങ്ങ് കമ്മറ്റിയുടെ 18 യോഗങ്ങൾ ചേർന്നിട്ടുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ യോഗം ചേരലുകളും പ്രവർത്തനങ്ങളിലെ ഇടപെടലുകളും തൃപ്തികരമായ നിലയിൽ നടന്നുവരുന്നതായി കാണുന്നു. ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതിയും സ്റ്റാന്റിങ്ങ് കമ്മറ്റികളും വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ പോരായ്മകൾ നിലനിൽക്കുന്നുണ്ട് എന്നാണ് മിനുട്സുകൾ സൂചിപ്പിക്കുന്നത്. ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് സുപ്രധാനമാണ്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട

വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്, സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും, പദ്ധതികളുടെ മോണിറ്ററിങ്ങ് നടത്തുകയും ചെയ്യുക എന്ന സുപ്രധാനമായ ഉത്തരവാദിത്തമാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ ഗ്രാമ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. യോഗങ്ങളിൽ ഫലപ്രദമായ ചർച്ചകൾ നടന്നതായോ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തിയതായോ കാണുന്നില്ല. പ്രാദേശിക സാമ്പത്തിക വികസനം, മരാമത്ത്, ആരോഗ്യം, കൃഷി തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിൽ പോരായ്മകൾ കാണുന്നു. പദ്ധതികളുടെ ഇടക്കാല വിലയിരുത്തൽ നടത്താനും കൃത്യമായ മോണിറ്ററിങ്ങ് നടക്കുന്നുവെന്ന് ഉറപ്പു വരുത്താനും വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് കഴിയേണ്ടതുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2105 | 4,12,349.00 | 4,14,454.00 | 4,11,441.00 | 3013 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 12862331.00 | 12862331.00 | 12862331.00 | 0 |
| ആകെ | 2105 | 1,32,74,680.00 | 1,32,76,785 | 1,32,73,772.00 | 3013 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47,040.00 | 52 |
| കർഷകതൊഴിലാളി വേതനം | 30,30,200.00 | 239 |
| വിധവാപെൻഷൻ | 88,48,600.00 | 724 |
| വാർദ്ധക്യകാലപെൻഷൻ | 1,47,03,000.00 | 1238 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 25,32,400.00 | 198 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 18,46,200.00 | 153 |

## 1-8 കേഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 17-01-2020 - ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 3,883 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസവും ചേരുകയും ഓഫീസ് പ്രവർത്തനം വിശദമായ ചർച്ചക്ക് വിധേയമാക്കുകയും ചെയ്തു വരുന്നുണ്ട്. നികതി പിരിവ്, പദ്ധതി നിർവ്വഹണം എന്നിവയിലെ പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനം, സേവന പ്രദാനത്തിന്റെ നിലവാരം തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി പരിശോധിക്കാനും വിലയിരുത്താനും ശ്രദ്ധിച്ചുകാണുന്നത് സ്വാഗതാർഹമാണ്. വിവിധ സെക്ഷനുകളിലെ ഫയലുകളുടെ പെന്റൻസി, പെൻഷൻ അപേക്ഷകളും ബിൽഡിങ്ങ് പെർമിറ്റിനുള്ള അപേക്ഷകളും തീർപ്പാക്കുന്നതിലെ പുരോഗതി എന്നിവ വിശദമായി വിലയിത്തപ്പെടുന്നുണ്ട്.

നികുതി പിരിവിൽ തൻവർഷം 100 % നേട്ടം കൈവരിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. ജന സൗഹൃദ, കാര്യക്ഷമതാ പഞ്ചായത്തായി കോട്ടയം ഗ്രാമ പഞ്ചായത്ത് 15.8.2018 ന് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന് ഐ.എസ്.ഒ.അംഗീകാരവും 2019 ഒക്ടോബറിൽ ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. സേവന പ്രദാനം സംബന്ധിച്ച പൊതു ജനങ്ങളുടെ ഫീഡ്ബാക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. പൗരാവകാശ രേഖ പുതുക്കുകയും ഓഫീസിലെ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ചുമതലകൾ പൗരാവകാശ രേഖയിൽ പ്രസിദ്ധീകരിക്കുകയും ചെയതിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടന്നതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 30-08-2005 മുതൽ 09-09-2005 | 1997-98 മുതൽ 2004-05 | 04-10-2005 |
| പെർഫോമൻസ് ഓഡിറ്റ് | 30-10-2019 | 01-09-2019 – 30-09-2019 | 30-10-2019 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

2.വസ്തു നികുതി ഇനത്തിൽ സഞ്ചയ പ്രകാരം 83/- രൂപ അരിയർ ബാലൻസും 858/- രൂപ തൻ വർഷ ബാലൻസുമുണ്ട്. എന്നാൽ 2018-19 വർഷത്തിലെ ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ കുടിശ്ശികയില്ല.

3. ആർ.പി -31 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എ വരവ് 4,12,349 /- രൂപയാണ്. എന്നാൽ

ട്രയൽ ബാലൻസ് പ്രകാരം തൻവർഷ വരവ് 4,68,349 രൂപയാണ്.

4.ഇൻകം & എക്സ്പെന്റിച്ചർ പത്രികയിലെ I–14(a) യിലെ എന്ന ഹെഡിലെ തുകയും ആർ.പി – 16 ലെ ഈയിനത്തിലെ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

5.അക്കൗണ്ടിലെ അപാകങ്ങളിന്മേൽ കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല.

6.ഇൻകം & എക്സ്പെന്റിച്ചർ പത്രികയിലെ I–14 (a) ലെ MGNREGA ചെലവ് 1,32,74,680 /- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വരവ് – ചെലവ് കണക്ക് പ്രകാരം ആകെ ചെലവ് 1,28,63,239/- രൂപയാണ്.

# 1-12 വസ്തു നികുതി -ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ ,ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ എന്നീ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ നിലവിൽ ഇപ്രകാരം വിജ്ഞാപനം ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9 തീയതി 14-1-2020) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങളില്ലാത്തതിനാലാണ് വിജ്ഞാപനം ചെയ്യാതിരുന്നതെന്നും അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല

2013-14മുതൽ 2015-16 വരെയുള്ള കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കാലയളവിൽ 65കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ നികുതി നിർണയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10 തീയതി 14-1-2020) ലഭ്യമാക്കിയ മറുപടിയിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങളിൽ 8 എണ്ണത്തിന് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാത്തവരോട് ആയത് സമർപ്പിക്കാൻ ആവശ്യപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും , അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നും

ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ആയതിൽ നിന്നും ഘടന പരമായ മാറ്റങ്ങൾ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

# 1-14 ഇ- ടെണ്ടർ മുഖേന ലഭിക്കേണ്ട ടെണ്ടർ ഫീസ് തുക ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചീനീയരുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-3/18-19 dt 14/01/19 ന് മറുപടിയായി മേൽ സാമ്പത്തിക വർഷത്തിൽ ₹4,70,579/- ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ ഉള്ളതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# 1-15 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ഈടാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നിർവഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം സംഭവിച്ചിട്ടുണ്ട്. എന്നാൽ ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/8/18 ലെ എസി2/223/15 തസ്വഭവ നമ്പർ സർക്കുലർ, PWD മാന്വൽ ഖ: 2111.2 ഇവ പ്രകാരമുള്ള (യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള) പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട്- 110/19 (അജൈവമാലിന്യ സംസ്കരണ കേന്ദ്രം കെട്ടിട നിർമാണം)

അടങ്കൽ - 11,00,000

ചെലവ്- 10,30,000( ചെക്ക് നമ്പർ-11001/01-01-2019

എഗ്രി. നമ്പർ-AE/LSGD/KTM/28 dt 17/3/18

കോൺട്രാക്ടർ- മഹേഷ് അടിയേരി

എം ബുക്ക് നമ്പർ-67/18-19,75/18-19

കരാർ തുക- 10,30,000

പ്രവൃത്തി ആരംഭിച്ച തീയ്യതി- 17/3/18

പൂർത്തിയാക്കേണ്ട തീയ്യതി-12/09/18

പൂർത്തിയാക്കിയ തീയ്യതി-26/10/18

ഈടാക്കേണ്ട പിഴ (1%) - 10,300/-

പിഴ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/18-19 dt 15/01/2020 ന് നൽകിയ മറുപടിയിൽ പ്രവൃത്തി നിർമാണ സമയത്ത് അതിർത്തി തർക്കമുണ്ടായതിന്റെ പേരിൽ സ്ഥലം അളന്ന് തീരുമാനം ആകാൻ കാലതാമസം ഉണ്ടായതിനാൽ പ്രവൃത്തിയുടെ കാലാവധി നീട്ടിനൽകാൻ കരാറുകാരൻ കത്ത് നൽകിയിരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കത്ത് ഫയലിൽ ഇല്ല. കത്ത് പരിഗണിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുമില്ല. ആയതിനാൽ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-16 റിംഗ് കമ്പോസ്റ്റ് വിതരണം - നിർവഹണത്തിലെ അപാകങ്ങൾ - 1,93,050/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

1)പ്രോജക്ട് നമ്പർ- 17/19 റിംഗ് കമ്പോസ്റ്റ് 2018-19
അടങ്കൽ – 93750/- (ധനകാര്യം) 93750/- മറ്റുള്ളവ, ആകെ ₹ 1,87,500/

ബിൽ നമ്പർ- 18220452006701338534 dt 11/3/19 ₹79040

ചെക്ക് നമ്പർ- 2171925/11-3-19 ₹79360

2) പ്രോജക്ട് നമ്പർ- 18/19 പൊതു സ്ഥാപനങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് 2018-19
അടങ്കൽ – 35000 (ധനകാര്യം)

ബിൽ നമ്പർ- 18220452006701338539 dt 11/3/19 ₹34650

കോട്ടയം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും റിംഗ് കമ്പോസ്റ്റ് അനുവദിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ബി 3/5010/17 dt 24/11/2018 നമ്പർ ടെണ്ടർ നടപടികൾ പ്രകാരം താഴെപ്രതിപാദിക്കും പ്രകാരമാണ് മേൽ പ്രോജക്ടുകൾക്ക് RAIDCO, SURYA എന്നീ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ലഭിച്ചിട്ടുള്ളത്

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | RAIDCO | SURYA |
|---|---|---|---|---|
| 1 | 17 | റിംഗ് കമ്പോസ്റ്റ് 2018-19 | 2475 | 2445 |
| 2 | 18 | പൊതു സ്ഥാപനങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് 2018-19 | 2475 | 2445 |

എന്നാൽ കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തിനു പകരം കൂടിയ നിരക്ക് സമർപ്പിച്ച സ്ഥാപനത്തിന്റെ (RAIDCO) ടെണ്ടറാണ് അംഗീകരിച്ചിരിക്കുന്നത് ആയതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/18-19 dt 14/01/2020 ന് മറുപടിയിൽ 18/12 /2018 ന് ചേർന്ന പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനപ്രകാരം സാങ്കേതിക പരിശോധന നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവ. പോളിടെക്നിക്കിൽ നിന്നും പരിശോധനനടത്തുകയും റെയ്ഡ്കോ കേരള ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ സാമ്പിൾ ഗുണനിലവാരമുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പരിശോധനാ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ₹1,93,050 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-17 കുരുമുളക് കൃഷി വിസ്തൃതി വ്യാപനം - നിർവഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ- 57/19 കുരുമുളക് കൃഷി വിസ്തൃതി വ്യാപനം

നിർവഹണം - കൃഷി ഓഫീസർ

അടങ്കൽ --42,000(വികസനഫണ്ട് )

ചെലവ്- 42,000/-

ബിൽ നമ്പർ- 18220452006300526303 dt 14.9.18 ₹42,000

ഗ്രാമപഞ്ചായത്ത് പരിധിയിൽ കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പ്രോജക്ടിനു വേണ്ടി കാർഷിക സർവകലാശാല കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ നിന്നും invoice No. 11/2018-19 dt. 30.6.18 പ്രകാരം 42,000/ രൂപക്ക് 4200 എണ്ണം കുരുമുളക് തൈ വാങ്ങിയിട്ടുണ്ട്. വിതരണ റജിസ്റ്ററിലെ പേജ് നമ്പർ 89 മുതൽ 103 വരെയുള്ള പേജുകളിൽ ആയത് 169 പേർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എത്രഎണ്ണം വീതം വിതരണം ചെയ്തിട്ടുണ്ട് എന്നതോ, ആകെ എത്ര വിതരണം ചെയ്തു എന്നതു സംബന്ധിച്ചോ രേഖപ്പെടുത്തലുകളില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തിയതായും രേഖയില്ല. കുരുമുളക് തൈ വിതരണം ചെയ്തതോടുകൂടി നടപടികൾ അവസാനിച്ചതായാണ് രേഖകൾ വ്യക്തമാക്കുന്നത്. കുരുമുളക് തൈ ലഭിച്ച മുഴുവൻ വീടുകളും കുരുമുളക് കൃഷിയിലും ഉപയോഗത്തിലും സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടോ എന്നതും കുരുമുളക് കൃഷി വിസ്തൃതി വ്യാപനം എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ- 2/18-19 dt 14/01/19 ന് നൽകിയ മറുപടിയിൽ കൃഷി ഓഫീസർക്ക് ജനകീയാസൂത്രണം പ്രോജക്ടുകളിൽ മുൻ പരിചയമില്ലാത്തതിനാലാണ് എണ്ണം രേഖപ്പെടുത്താൻ വിട്ടുപോയത് എന്നാണ് അറിയിച്ചിട്ടുള്ളത്. കുരുമുളക് തൈ ലഭിച്ച മുഴുവൻ വീടുകളിലും കുരുമുളക് ഉപയോഗത്തിൽ സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട് എന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി ആയത് പരിശോധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല. ഇത്തരം

അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-18 ഇടവിളകൃഷി നിർവഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ- 21/19 ഇടവിളകൃഷി വികസനം

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ --2,49,240 (വികസനഫണ്ട്)

ചെലവ്- 2,45,000/-

ബിൽ നമ്പർ- 1822045200630142224З dt 19.3.19 ₹2,45,000

തരിശായികിടക്കുന്ന ഭൂമിയിൽ കൃഷി സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രോജക്ടാണിത്. ഉത്പാദന വർധനവ് ഉണ്ടാവുകയും ഇടവിളകൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി VFPCK യിൽ നിന്നും ഇൻവോയ്സ് നമ്പർ VFPCK/KGD/KBK/124 dt 14/3/19 പ്രകാരം 140 കിറ്റുകൾ വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായത്. വിതരണ രജിസ്റ്ററിലെ പേജ് നമ്പർ 131 മുതൽ 135 വരെ യുള്ള പേജുകളിൽ വിവിധ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഒരു വാർഡിലേക്ക് വിതരണം ചെയ്ത കിറ്റുകൾ എല്ലാം ഒരാൾ തന്നെ വിവിധ ഗ്രൂപ്പുകൾക്ക് വേണ്ടി ഒപ്പിട്ട് കൈപ്പറ്റിയതായാണ് കാണുന്നത് .

കിറ്റുകൾ വിതരണം ചെയ്തതോടുകൂടി പദ്ധതി അവസാനിച്ചതായാണ് വ്യക്തമാവുന്നത്. ആയതിന്റെ തുടർ മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കിയതുമൂലം ഇടവിള കൃഷിയുടെ ഉത്പാദനത്തിൽ എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് പിന്നീട് വിലയിരുത്തൽ നടത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ- 6/18-19 dt 14/01/2020) മറുപടിയായി ഒരു വാർഡിലേക്ക് വേണ്ട കിറ്റുകൾ ഒരു വാഹനത്തിൽ കയറ്റി കൊണ്ടുപോകുന്നതിനു വേണ്ടിയും വാഹനചെലവ് കുറക്കുന്നതിനു വേണ്ടിയുമാണ് ഇത്തരത്തിൽ ചെയ്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അവസരങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഗ്രൂപ്പുകളുടെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുന്നത് അഭികാമ്യമായിരിക്കും.

കിറ്റുകൾ വിതരണം ചെയ്തതുവഴി ഇരുപത് ടൺ കിഴങ്ങ് വർഗ ഉത്പാദനം ഉണ്ടായിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് സമിതി ആയത് വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനു വേണ്ടി മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# 1-19 വാഴ കൃഷി വികസനം അപാകങ്ങൾ

പ്രോജക്ട് 34/19 വാഴകൃഷി വികസനം

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ-1,52,760/- വികസനഫണ്ട്

1)ബിൽ നമ്പർ- 1822045200630051547 9 dt 11.9.18 ₹90,000

2)ബിൽ നമ്പർ- 18220452006300526302 dt 14.9.18 ₹30,000

3) ചെക്ക് നമ്പർ- 2695192 dt 30/3/19 ₹30,000

ഗ്രാമ പഞ്ചായത്തിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഡിസ്'ട്രിക്ട് അഗ്രികൾച്ചറൽ ഫാമിൽ നിന്നും ഇൻവോയ്സ് നമ്പർ 101/18-19 dt 12/7/18 പ്രകാരം 6000 വാഴക്കന്നുകൾ വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായത്. വിതരണ രജിസ്റ്ററിലെ പേജ് നമ്പർ 104 മുതൽ 110 വരെ യുള്ള പേജുകളിൽ വിവിധ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ എത്ര എണ്ണം വിതരണം ചെയ്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഗ്രൂപ്പുകളുടെ പേര് രേഖപ്പെടുത്തിയെന്നതല്ലാതെ ഒപ്പിട്ട് കൈപ്പറ്റിയിട്ടില്ലാത്തതായും രജിസ്റ്ററിൽ വ്യക്തമാവുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമനമ്പർ | വാർഡ് | ഗ്രൂപ്പ് |
|---|---|---|
| 1 | I | ശാന്തി |
| 2 | I | അന്നപൂർണ |
| 3 | I | നിധി |
| 4 | iii | പഴശ്ശിരാജ |
| 5 | iV | ശ്രീശക്തി |
| 6 | V | ഐശ്വര്യ |
| 7 | V | സൗപർണിക |
| 8 | V | സൂര്യ |
| 9 | Vi | തീർത്ഥം |
| 10 | Vi | തേജസ്സ് |
| 11 | Vi | സനിത |
| 12 | Xi | ഐശ്വര്യ |
| 13 | Xi | കാരുണ്യം |
| 14 | Xi | സ്നേഹം |
| 15 | Xi | നന്മ |
| 16 | Xi | വർണം |
| 17 | Xi | സോപാനം |
| 18 | XIII | പല്ലവി |
| | | |

| | | |
|---|---|---|
| 19 | XIII | ധനശ്രീ |
| 20 | XIII | ശ്രീ പത്മം |

പദ്ധതിയുടെ തുടർ മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ- 7/18-19/14-01-2020 ന് നൽകിയ മറുപടിയിൽ ഓരോ ഗ്രൂപ്പിനും 300 എണ്ണം വാഴക്കന്നുകൾ വീതം നൽകിയതായാണ് അറിയിച്ചിരിക്കുന്നത്. നിർവഹണ ഉദ്യോഗസ്ഥന് മുൻ പരിചയം ഇല്ലാത്തതു മൂലമാണ് വീഴ്ചകൾ സംഭവിച്ചതെന്നും, അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സാന്ത്വനപരിചരണ പദ്ധതി- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല -54,820 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

അടങ്കൽ – 2,92,988 (വികസന ഫണ്ട് പെതു.)

2,00,000 (ബ്ലോക്ക് വിഹിതം)

2,32,400 (ജില്ലാ വിഹിതം)

-------------

ആകെ 7,25,388

ആകെ ചെലവ് – 5,29,310/-

സാന്ത്വനപരിചരണ പദ്ധതി ( 68/18-19) നടത്തിപ്പുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ താഴെ പറയും പ്രകാരം 99,950 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ചെക്ക് നം./തീയ്യതി | തുക |
|---|---|
| 4290073/23-11-2018 | 15,100 |
| 4290075/31-12-2018 | 80,100 |
| 2193551/27-03-2019 | 4,750 |
| **ആകെ** | 99,950 |

എന്നാൽ പ്രസ്തുത തുകയിൽ 45,130 രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളു. അവശേഷിക്കുന്ന 54,820 രൂപയുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/16-01-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 54820/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-21 പെയ്ൻ ആന്റ് പാലിയേറ്റീവ് പരിചരണം - അപാകതകൾ

2018-19 സാമ്പത്തിക വർഷം കോട്ടയം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പെയ്ൻ ആന്റ് പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ നിശ്ചിത ഇടവേളകളിലോ ചേരണമെന്നുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ 31-05-2018,24-09-2018,14-02-2019 എന്നിങ്ങനെ 3 തവണ മാത്രമാണ് പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി (PMC) യോഗം ചേർന്നിട്ടുള്ളത്.ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി പ്രസ്തുത യോഗത്തിൽ അവതരിപ്പിച്ചതിന്റെയും യോഗം അത് വിലയിരുത്തിയതിന്റെയും വിവരവും മിനുട്സിൽ ലഭ്യമല്ല. ഖ.2-3-2

2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും നടപ്പാക്കുന്നതിന് ഖ.2.4.1 പ്രകാരമുള്ള പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ( PIC) രൂപീകരിച്ചതിന്റെ രേഖ, ഖ.2.4.2 പ്രകാരം പ്രസ്തുത കമ്മിറ്റിയുടെ യോഗ മിനുട്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.(ഖ.2.5.6)

4. തുടർ പരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങൾ പേഷ്യന്റ് സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (ഖ-2.5.7)

5.ഓരോ ദിവസവും ഗൃഹസന്ദർശനം നടന്ന് കഴിഞ്ഞാൽ അന്ന് തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ റിപ്പോർട്ട് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യണമെന്നുള്ള ഖ.2.6.3.7 പ്രകാരമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

6. ഓഡിറ്റ് കാലയളവിലുള്ള ഹോം കെയർ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 23-10-2017 വരെ രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ.

7. മാസത്തിൽ മിക്കവാറും ദിവസങ്ങളിൽ വണ്ടി വാടകയിനത്തിലും ഭക്ഷണത്തിനുമായി തുക ചെലവഴിച്ചതിന്റെ രേഖയുണ്ടെങ്കിലും പ്രസ്തുത ദിവസങ്ങളിലൊന്നും ഗൃഹ സന്ദർശനം നടത്തിയതിന്റെ രേഖകൾ ഫോളോ അപ്പ് ഹോം കെയർ രജിസ്റ്ററിൽ ലഭ്യമല്ല. ഉദാഹരണത്തിന് 2018 ജൂലൈ മാസം 6,12,13,14,16,17,19,21,24,26,27,30,31 എന്നീ തീയ്യതികളിലും , ആഗസ്റ്റ് മാസം 4,9,11,14,16,17,18,20,22,23,28,,30,31 എന്നീ തീയ്യതികളിലും മേൽ പറഞ്ഞയിനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ ദിവസങ്ങളിലൊന്നും ഗൃഹസന്ദർശനം നടത്തിയതിന്റെയോ രോഗികൾക്കാവശ്യമായ പരിചരണം നൽകിയതിന്റെയോ വിവരം രജിസ്റ്ററിൽ ലഭ്യമല്ല.

8. ദീർഘകാല രോഗം അനുഭവിക്കുന്നവരുടെ വീടുകളിൽ ചെന്ന് പരിചരണം ലഭ്യമാക്കൽ, പരിചരണത്തിന് ആവശ്യമായ മരുന്നുകളും സാമഗ്രികളും ലഭ്യമാക്കൽ എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പ്രോജക്ടിൽ റിഫ്രഷ് മെന്റ് ചാർജ്, ഹോണറേറിയം ,ഡ്രൈവറുടെ വേതനം എന്നിവ നൽകുന്നതിനാണ് തുകയുടെ നല്ലൊരു ശതമാനവും ചെലവഴിച്ചത്. രോഗികൾക്ക് ആവശ്യമുള്ള മരുന്ന്, ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തതിന് രേഖയില്ല.

മേൽ അപാകതകൾ പരിഹരിച്ച് പാലിയേറ്റീവ് പരിചരണ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 റർബൻ മിഷൻ പദ്ധതികൾ

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട ഒട്ടേറെ പദ്ധതികൾ റർബൻ മിഷനിൽ നിന്ന് ലഭിച്ച ധനസഹായം ഉപയോഗിച്ച് 2018 -19 വർഷത്തിൽ നടപ്പാക്കിയിട്ടുണ്ട് .പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ നവീകരണം, ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തൽ, പുതിയ കുടിവെള്ള പദ്ധതികൾ ,സ്കൂളുകളുടെയും അംഗൻവാടികളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണ പദ്ധതികൾ, ആംബുലൻസ് സൗകര്യം ഒരുക്കൽ തുടങ്ങി ഒട്ടേറെ മേഖലകളിൽ ഈ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടന്നിട്ടുണ്ട്. റർബൻ മിഷൻ പ്രകാരമുള്ള പദ്ധതികൾ 2019- 20 വർഷത്തിൽ തുടരുന്നുണ്ട് .2018-19 വർഷം പദ്ധതിക്ക് വേണ്ടി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

മുന്നിരിപ്പ്; 1,75,437

തൻവർഷ വരവ്; 11,15,13,657

പലിശ വരവ്: 2,68,556

ആകെ: 11,19,57650

===========

തൻവർഷത്തെ ചെലവ് ; 6,91,40,625

റീഫണ്ട് (KWA) : 2,15715

ബാങ്ക് ചാർജ്. 590

വർഷാവസാന ബാക്കി: 4,30,32,150

=============

പദ്ധതികളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

13 പുതിയ കുടിവെള്ള പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങൾക്കായി 2,47,98,000 രൂപ,2.08.2018തീയതിയിലെ എഗ്രിമെന്റ് പ്രകാരം ഭൂജല വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥയനുസരിച്ച്, മാർച്ച് 31 നകം പൂർത്തീകരിക്കേണ്ടിയിരുന്ന ഈ പ്രവൃത്തികൾ ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകൾക്കുള്ള ലൈൻ വലിക്കൽ പ്രവൃത്തികൾക്കായി KSEB ക്ക് താഴെ പറയും പ്രകാരം തുകകൾ കൈമാറിയിട്ടുണ്ട്.

കെ.എസ്.ഇ.ബി കതിരൂർ : 801162

കെ.എസ്.ഇ.ബി .വേങ്ങാട് : 1002900

കെ.എസ്.ഇ.ബി കൂത്തുപറമ്പ് : 901114

കരാർ വ്യവസ്ഥകൾ പ്രകാരം 2019 മാർച്ച് 31 നകം പൂർത്തീകരിക്കേണ്ടുന്ന ഈ പദ്ധതികൾ പൂർത്തീകരിച്ചതു സംബന്ധിച്ച രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019, 16.07.2019 | കെ.എസ്.എ./കെ.എൻ.ആർ./ സി.8/ 1316/2019. തീയ്യതി: 17.08.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| | സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ചത് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 43,554 | 10,93,462.00 | 11,37,016.00 | 4,52,168.00 | 6,84,848.00 |
| | ജില്ലാ പഞ്ചായത്ത് | 33,938.00 | 14,09,500.00 | 14,43,438.00 | 5,73,955.00 | 8,69,483.00 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. തീയ്യതി. | തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി കതിരൂർ | സ്ട്രീറ്റ് ലൈൻ വലിക്കൽ | 807086/ 05-09-2018 | 3,88,104.00 | - | 3,88,104.00 |
| കെ.എസ്.ഇ.ബി കതിരൂർ | സ്ട്രീറ്റ് ലൈൻ വലിക്കൽ | 807096/ 22-01-2019 | 8,01,161.00 | - | 8,01,161.00 |
| കെ.എസ്.ഇ.ബി വേങ്ങാട് | സ്ട്രീറ്റ് ലൈൻ വലിക്കൽ | 807099/ 07-02-2019 | 10,02,900.00 | - | 10,02,900.00 |
| കെ.എസ്.ഇ.ബി കൂത്തുപറമ്പ് | സ്ട്രീറ്റ് ലൈൻ വലിക്കൽ | 587373/ 30-03-2019 | 9,01,114.00 | - | 9,01,114.00 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള വിതരണ പദ്ധതി | 807084/ 04-08-2018 | 24,80,0000.00 | - | 24,80,0000.00 |
| ഭൂജല വകുപ്പ് | ആറാം മൈൽ, കപ്പാറ അംഗൻവാടികളിൽ കുടിവെള്ള സംവിധാനം | 807094/ 15-01-2019 | 1,92,000.00 | - | 1,92,000.00 |
| ഭൂജല വകുപ്പ് | കപ്പാറ,പുറക്കളം , ആറാംമൈൽ പൂള ബസാർ അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മാണം | 807087/ 10-10-2018 | 3,45,000.00 | 2,20,270.00 | 1,24,730.00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈ ഇനത്തിൽ ഈടാക്കിയ 9240/- രൂപയുടെ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,2014-15 | 3-1 | 8,000 | ഷാജി കെ., വെറ്റിനറി സർജൻ | 118010104305/29-12-2018 |
| 2017-18 | 3-2 | 1,240 | ഗിരീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 118010106681/28-03-2019 |

## 4-8 സമാഹൃത ഓഡിറ്റ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2013-14,2014-15 | 2-1 | 2016-17 | ഖ.1, അനുബന്ധം -3 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |
| 2013-14,2014-15 | 3-8 | 2014-15 | 4.3.2.7 | ക്ഷേമ പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് / സർചാർജ് നടപടികൾ സംബന്ധിച്ച

# വിവരങ്ങൾ

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,76,52,281.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,24,79,013.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,47,870.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,93,050.00 | സന്തോഷ് മമ്മാലി,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 54,820.00 | ഡോ. വിനീത ജനാർദ്ധനൻ,മെഡിക്കൽ ഓഫീസർ |
| ആകെ | 2,47,870.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സന്തോഷ് മമ്മാലി,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി. ഇ. ഒ, ചെമ്പിലോട് | ദാമോദരം,പാച്ചപൊയ്ക(പി.ഒ) |
| ഡോ. വിനീത ജനാർദ്ധനൻ,മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,കോട്ടയം | അഞ്ജലി,കോട്ടയം പൊയിൽ (പി.ഒ) |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളെ സംബന്ധിച്ചുള്ള വിവരങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10,2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 3 |
| 2011-12,2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 1 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 4 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 4 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/446/2019/15-06-2019 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.8/102/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 28.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത്

രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| kottayam Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 34,07,292.00 |
| Cash | Cash | RP-40(a) | 13,512.00 |
| | Operating | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 5,81,790.00 |
| 140000000 | Fees & User Charges | RP-4 | 5,69,745.00 |
| 150000000 | Sale & Hire Charges | RP-5 | 2,09,403.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 2,63,82,730.00 |
| 171000000 | Interest Earned | RP-9 | 71,032.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11,58,49,404.00 |
| 350000000 | Other Liabilities | RP-36 | 1,18,326.00 |
| 431000000 | Sundry Debtors (Receivable) | RP-43 | 50,079.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 450.00 |
| 311000000 | Earmarked Funds | RP-29 | 3,824.00 |
| 340000000 | Deposits Received | RP-34 | 62,350.00 |
| 350000000 | Other Liabilities | RP-36 | 1,82,653.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 32,46,362.00 |
| 460000000 | Loans, Advances and Deposits | RP-47 | 3,24,133.00 |
| | Grand total | | 15,10,73,085.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 33,12,847.00 |
| 220000000 | Administrative Expenses | RP-12 | 7,28,131.00 |
| 230000000 | Operations & Maintenance | RP-13 | 5,20,761.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 18,64,347.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1,48,08,216.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3,74,110.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 35,685.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1,05,040.00 |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 45,54,738.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30,000.00 |
| 280000000 | Prior Period item | RP-26 | -1,148.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1,36,477.00 |
| 350000000 | Other Liabilities | RP-36 | 63,42,031.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1,266.00 |
| 280000000 | Prior Period Item | RP-26 | -8.070.00 |
| 311000000 | Earmarked Funds | RP-29 | 18,000.00 |
| 340000000 | Deposits Received | RP-34 | 5,450.00 |
| 350000000 | Other Liabilities | RP-36 | 24,18,416.00 |
| 410000000 | Fixed Assets | RP-38 | 3,67,06,619.00 |
| 412000000 | Capital work in Progress | RP-40 | 7,35,832.00 |
| 460000000 | Loans, Advances and Deposits | RP-47 | 2,97,90,265.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 4,85,68,791.00 |
| Cash | Cash | RP-40(b) | 25,281.00 |
| | Grand Total | | 15,10,73,085.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kottayam Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 35,95,667.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1,75,360.00 |
| 140000000 | Fee & User Charges | I-4(b) | 8,45,245.00 |
| 150000000 | Sale & Hire Charges | I-5(b) | 2,11,403.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 7,33,32,586.00 |
| 171000000 | Interest Earned | I-8 | 71,032.00 |
| 180000000 | Other Income | I-9 | 450.00 |
| | Total Income | | |
| | EXPENDITURE | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 98,83,059.00 |
| 220000000 | Administrative Expenses | I-11(b) | 7,28,131.00 |
| 230000000 | Operations & Maintenance | I-12(b) | 6,59,595.00 |
| 240000000 | Interest & Finance Charges | I-13 | 1,266.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 26,20,808.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 2,81,69,672.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5,24,110.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 35,685.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 3,13,35,440.00 |
| 255000000 | Maintenance Projects | I-14(e) | 45,54,738.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30,000.00 |
| 272000000 | Depreciation | I-17(a) | 93,98,403.00 |
| | Total Expenditure | | 8,79,40,907.00 |
| | Gross Surplus/ Deficit of income over Expenditure | | (97,09,164.00) |
| 280000000 | Prior Period Item | I-18 | 1,28,194.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | |
| 290000000 | Transfer to Reserve Funds | I-18(a) | (98,37,358.00) |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Kottayam Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | (2,09,33,105.97) |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 33,454.00 |
| 312000000 | Reserves | B-3 | 7,72,32671.00 |
| | Total Reserve & Surplus | | 5,63,33,019.03 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8,05,48,804.00 |
| | Total Grants, Contributions for Specific Purposes | | 8,05,48,804.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1,86,461.00 |
| 350000000 | Other Liabilities | B-9 | 8,85,103.97 |
| | Total Current Liabilities and Provisions | | 10,71,564.97 |
| | TOTAL LIABILITIES | | 13,79,53,388.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 7,86,60,749.00 |
| 411000000 | Accumulated Depreciation | B-11 | (2,55,39,557.00) |
| 412000000 | Capital Work in Progress | B-11(a) | 4,39,817.00 |
| | Total Fixed Assets | | 5,35,61,009.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank Balance | B-17 | 4,85,94,072.00 |
| 460000000 | Loans ,Advances and Deposits | B-18 | 3,57,98,307.00 |
| | Loans ,Advances and Deposits | | 8,43,92,379.00 |
| | Total Assets | | 13,79,53,388.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.